(*b*) The construction of the Medical College buildings is expected to be completed by the end of March 1951.

മലേറിയാ ഡിസ്പെൻസറി

*൨൫൨. (൭) ശ്രീ. എൻ. കെ. കുഞ്ഞുപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കിൽ, കോരണംകോട്ട കോട്ടയ്ക്കൽ മലേറിയ ഡിസ്പെൻസറിക്കുള്ള കെട്ടിടം ജനങ്ങൾ കെട്ടിപ്പൊക്കൊട്ത്ത കെട്ടിടത്തിലാണോ ഇട്ടിരിക്കുന്നതു്;

(ബി) വേറൊരു ഡിസ്പെൻസറിയിലെ ഡാക്ടറെയാണോ ഈ ഡിസ്പെൻസറിയിൽക്കൂടി അറ്റൻഡ്ചെയ്യാൻ നിയോഗിച്ചിരിക്കുന്നതു്;

(സി) നെയ്യാറ്റിൻകര മൂന്നാം നിയോജകമണ്ഡലത്തിലെ കഴിഞ്ഞ ഉപതിരഞ്ഞെടുപ്പിനു മുമ്പായിരുന്നോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അതെ.

(ബി) അതെ. കുന്നത്തുകാൽ ഡിസ്പെൻസറിയിലെ ഡാക്ടറാണു് ഈ ഡിസ്പെൻസറി നടത്തുന്നതു്.

(സി) ഉവ്വു്.

RATIONING IN MOFUSSIL AREAS

*253. [9] **Sri. N. D. Jose:** Will the Hon'ble Minister for Food be pleased to state:

(*a*) whether rations, as in towns, are supplied to mofussil and rural areas;

(*b*) whether there have been any complaints; and

(*c*) if such rations are not supplied, the percentage given to these areas when the lowest quantity was disbursed?

Chief Minister **(Sri T. K. Narayana Pillai):**

(*a*) Generally full rations are issued in towns as well as in rural and mofussil areas. During times of short supply, the issue in rural areas will be less than in town areas where chances of obtaining alternative foodstuffs are much less than in rural areas.

(*b*) Some complaints have been received recently, especially from Chirayinkil and Nedumangad Taluks.

(*c*) 50 per cent.

റേഷൻ

*൨൫൭. (൧൦) ശ്രീ. ദേവകീഗോപീദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) റേഷൻ വിതരണത്തിൽ പല സ്ഥലങ്ങളിലും പലയിനം അരി കൂട്ടിച്ചേർത്തു കൊടുക്കുന്നതായി ഗവൺമെൻറിനറിയാമോ;

(ബി) അങ്ങിനെ കൊടുക്കുന്നതു് എന്തുകൊണ്ടാണെന്നു ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): പലയിനം അരി കൂട്ടിച്ചേർത്തു് യാതൊരിടത്തും റേഷൻ വിതരണം നടത്തുന്നതായി ഗവൺമെൻറിനു് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly